ബലിപെരുന്നാൾ ഖുത്വ്ബ
20.12.2007, വ്യാഴം
ബയ്ത്തുൽ ഫുത്വൂഹ്, ലണ്ടൻ

# നിങ്ങൾ ബലിയറുക്കുന്നതുപോലെ നിങ്ങളും ദൈവവഴിയിൽ ബലിയാവുക

لَنْ يَّنَالَ اللّٰهَ لُحُوْمُهَا وَلَا دِمَآؤُهَا وَلٰكِنْ يَّنَالُهُ التَّقْوٰى مِنْكُمْ كَذٰلِكَ سَخَّرَهَا لَكُمْ لِتُكَبِّرُوا اللّٰهَ عَلٰى مَا هَدٰىكُمْ وَبَشِّرِ الْمُحْسِنِيْنَ ﴿٣٨﴾

**ഈ** വചനത്തിന്റെ അർത്ഥം ഇപ്രകാരമാണ്: “അവയുടെ മാംസമോ രക്തമോ അല്ലാഹുവിന് ഒരിക്കലും എത്തുകയില്ല. പക്ഷേ, നിങ്ങളുടെ തഖ്‌വ- ഹൃദയഭക്തിയാണ് അവനെത്തുന്നത്. ഇപ്രകാരം അവൻ അവയെ നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നു; അല്ലാഹു നിങ്ങൾക്ക് നേർമാർഗ്ഗം കാണിച്ചുതന്നതു നിമിത്തം നിങ്ങ ളവനെ മഹത്ത്വപ്പെടുത്തുന്നതിനുവേണ്ടി. സദ്‌വൃത്തന്മാരെ നീ സന്തോഷവാർത്ത അറിയിക്കുക” (22:38).

ഇന്ന് നമ്മൾ ഈദുൽഅള്ഹിയ ആഘോഷിക്കുകയാണ്. ഇതിന് ബലിയുടെ പെരുന്നാൾ എന്നും പറയുന്നു. കഴിവുള്ളവർ ഈ പെരുന്നാളിന് മൃഗബലി നടത്തുന്നു. ഹജ്ജ് ചെയ്യുന്നവർ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് മൃഗങ്ങളെ അറുക്കാറുണ്ട്. ഇന്നും നാളെയുമൊക്കെയായി ലോകത്ത് കോടിക്കണക്കിന് മൃഗങ്ങൾ അറുക്കപ്പെടുന്നുണ്ടാകും. പക്ഷേ, ഈ മൃഗബലിയും അതിലുള്ള സന്തോഷവുമാണോ ഈ പെരുന്നാളിന്റെ ഉദ്ദേശ്യം? ഈ എരുതുകളേയും ആടുകളേയും അറുക്കുകയും അതിന്റെ മാംസം തിന്നുകയും അതിൽ ബന്ധുക്കളേയും സുഹൃത്തുക്കളേയും പങ്കെടുപ്പിക്കുകയുമാണോ ഈ ത്യാഗത്തിന്റെ ഉദ്ദേശ്യം? അധികമധികമായി അല്ലാഹു സന്തോഷിക്കുന്ന പ്രവൃത്തിയാണോ ഇത്? നിങ്ങൾ എരുതുകളേയും ആടുകളേയും പശുക്കളേയും അറുക്കുന്നതുകൊണ്ട് തനിക്ക് ഇന്ന് സന്തോഷമുണ്ടെന്ന് അല്ലാഹു മുസ്‌ലിംകളോട് പറയുന്നുണ്ടാകുമോ? ഇവിടെ വന്ന് രണ്ട് റക്അത്ത് പെരുന്നാൾ നമസ്കരിക്കുകയും, നിർബന്ധിതനായിക്കൊണ്ട് ഖുത്വ്ബ കേൾക്കുകയും പിന്നീട് ഉടനെതന്നെ മൃഗത്തെ അറുക്കുന്നതിനായി വീട്ടിലേക്കോടുകയും ചെയ്തിട്ട്, അല്ലാഹുവിനെ സന്തോഷിപ്പിക്കാൻ വേണ്ടി ഒരു പ്രധാനകൃത്യം നിർവ്വഹിച്ചു എന്ന് കരുതുന്നത് ശരിയാണോ? മൃഗങ്ങളെ അറുക്കാൻ അനുവാദമുള്ള മിക്ക രാജ്യങ്ങളിലും ആളുകൾ സ്വയം അവയെ അറുക്കാറുണ്ട്. യൂറോപ്പിൽ, അങ്ങനെയുള്ള അനുവാദമില്ല. പക്ഷേ, ഇവിടെയും ചില സ്ഥലങ്ങളിൽ അറുക്കാറുണ്ട്. ഇത് പാക്കിസ്ഥാനിലും ഞാൻ കണ്ടിട്ടുണ്ട്. എന്നല്ല, ചിലയാളുകൾ റബ്‌വയിലും ഇങ്ങനെ ചെയ്യാറുണ്ട്. പെരുന്നാൾ നമസ്കരിച്ച് ഞങ്ങൾ തിരിച്ചുവരുമ്പോൾ, അല്പസമയത്തിനുള്ളിൽതന്നെ തങ്ങളുടെ മൃഗങ്ങളെ അറുത്ത് കാത്തിരിക്കുന്നുണ്ടാകും. ഇവിടുത്തെപോലെ നിയന്ത്രണമൊന്നും അവിടെ ഇല്ല. ഇപ്രകാരം തന്നെയാണ് ആഫ്രിക്കൻ രാജ്യങ്ങളിലും. എവിടെവെച്ചു വേണമെങ്കിലും മൃഗങ്ങളെ അറുക്കാം. പ്രത്യേക സ്ഥലമൊന്നും വേണമെന്നില്ല. നിങ്ങൾക്കറിയാം വഴിയരികിൽ മൃഗങ്ങളെ അറുക്കാറുണ്ട്. പെരുന്നാൾ നമസ്കരിച്ച് എത്ര പെട്ടെന്ന് മടങ്ങിവന്നാലും റോഡരുകിൽ വലിയ മൃഗങ്ങളായ പശു മുതലായവയേയും അറുത്തിട്ടിരിക്കുന്നത് കണ്ടിട്ടുണ്ട്. എന്നല്ല, ചിലർ അവയുടെ തൊലിയും ഉരിച്ച് ഇറച്ചി വെട്ടി നുറുക്കുന്നുമുണ്ടാകും. ഇതിൽനിന്ന് അത്തരക്കാർ പ്രത്യേകിച്ച് കശാപ്പുകാർ- അവരിലധികം മുസ്‌ലിംകളാണ്, മുസ്‌ലിംകളെക്കൊണ്ടാണ് അറുപ്പിക്കുന്നതും- ഒന്നുകിൽ പെരുന്നാൾ നമസ്കരിക്കുന്നില്ല അല്ലെങ്കിൽ ഖുത്വ്ബ കേൾക്കുന്നില്ല എന്നത് വ്യക്തമാണ്. അവർക്ക് മൃഗങ്ങളെ അറുക്കണമെന്ന ചിന്തയാണുള്ളത്. അവയുടെ ഇറച്ചി തിന്നണമെന്ന വിചാരമാണുള്ളത്. ബലിപെരുന്നാൾ ദിവസം നബി(സ) പെരുന്നാൾ നമസ്കാരത്തിനുശേഷം ഖുർബാനിയുടെ ഇറച്ചികൊണ്ടാണ് പ്രാതൽ കഴിച്ചിരുന്നതെന്ന സുന്നത്ത് മാത്രമെ ഇക്കൂട്ടർക്ക് ഓർമ്മയുള്ളൂ. നബി(സ) തിരുമേനിയാണ് ഈ പെരുന്നാളിന്റെ ആത്മാവിനെ സംബന്ധിച്ച് ഏറ്റവുമധികം മനസ്സിലാക്കിയിരുന്നത് എന്ന കാര്യം അധികമാളുകളും മറന്നുപോകുന്നു. ഈ ആത്മാവ് തന്റെ സമുദായത്തിൽ സ്ഥാപിക്കുന്നതിനുവേണ്ടി ഉപദേശിക്കുന്ന ആളായിരുന്നു നബി(സ). പശുക്കളെ അറുക്കുക, പെരുന്നാൾ നമസ്കാരത്തിനുശേഷം ഏറ്റവും ആദ്യം അതു ചെയ്യുക, അതിനുശേഷം അതിന്റെ ഇറച്ചി തിന്നുക എന്നതു മാത്രമല്ല ബലിപ്പെരുന്നാളിന്റെ പിന്നിലുള്ള

കാര്യം. ഈ ബലിപെരുന്നാളിന്റെ പിന്നിൽ ബലിയുടെ സുദീർഘമായ ഒരു ചരിത്രമുണ്ട്. അത് ഹദ്‌റത്ത് ഇബ്‌റാഹീം(അ)യിൽനിന്നും തുടങ്ങിയതാണ്. ആ ത്യാഗത്തിൽ അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ ഭാര്യയും പുത്രനും പങ്കെടുത്തു. ഹദ്‌റത്ത് ഹാജറ(അ)യും ഹദ്‌റത്ത് ഇസ്‌മായീലും(അ) അതിൽ ഭാഗഭാക്കായി. അതിന്റെ പരിണാമം നബി(സ)യിലെത്തി സമ്പൂർണ്ണത പ്രാപിച്ചു. ആ മഹാത്മാവിന്റെ ശിഷ്യന്മാരും അദ്ദേഹത്തിൽനിന്ന് അനുഗ്രഹം പ്രാപിച്ച് ഇതിന് മാതൃക സ്ഥാപിക്കുകയുണ്ടായി.

അതുകൊണ്ട്, ഓരോ വർഷവും വന്നുകൊണ്ടിരിക്കുന്ന പെരുന്നാളിലൂടെ നമ്മുടെ ആത്മീയമായ നിലവാരം എങ്ങനെ ഉയർത്താൻ കഴിയുമെന്ന് നാം നോക്കേണ്ടതാണ്. നമ്മുടെ ത്യാഗത്തിന്റെ നിലവാരം എങ്ങനെ മെച്ചപ്പെടുത്താമെന്ന് ചിന്തിക്കേണ്ടതാണ്. ഇല്ലെങ്കിൽ, നമ്മൾ പശുവിനേയോ ചെമ്മരിയാടിനേയോ എരുതിനേയോ അറുക്കുന്നതുകൊണ്ട് അല്ലാഹുവിന് ഒരു താൽപര്യവുമില്ല. എന്തിനു വേണ്ടിയാണോ അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത്, ആ ഉദ്ദേശ്യം പൂർത്തിയാക്കുന്ന മനുഷ്യനെ കാണാനാണ് അവനാഗ്രഹിക്കുന്നത്. മാംസത്തിനുവേണ്ടിയാണ് മൃഗങ്ങളെ അറുക്കുന്നതെങ്കിൽ അല്ലാഹുവിന്റെ തൃപ്തി അതുമുഖേന ലഭിക്കുകയില്ല.

അല്ലാഹു വിശുദ്ധഖുർആനിൽ ഞാനോതിയ വചനത്തിൽ പറയുന്നു: ***ലൻയ്യനാലല്ലാഹ ലുഹൂമുഹാ വലാ ദിമാഉഹാ***. ഓർമ്മിച്ചുകൊള്ളുക. ഈ ബലിയുടെ മാംസവും രക്തവും ഒരിക്കലും അല്ലാഹുവിലേക്കെത്തുകയില്ല.

നമ്മൾ ഓരോ വർഷവും ഈദുൽ അള്ഹിയ ആഘോഷിക്കാറുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഈ ബലികളുടെ പിന്നിലുള്ള ആത്മാവ് എന്താണെന്ന് അന്വേഷിക്കേണ്ടതാണ്. എന്താണ് ആ ആത്മാവ്? അതിനുള്ള മറുപടിയും അല്ലാഹു ഈ വചനത്തിൽ നല്കിയിരിക്കുന്നു. പറഞ്ഞു: ***വലാക്കിൻയ്യനാലുഹുത്തഖ്‌വാ മിൻകും***. നിങ്ങളുടെ ഹൃദയഭക്തി അല്ലാഹുവിലേക്കെത്തിച്ചേരുന്നു.

ഈ ബലിയുടെ തത്ത്വം വിവരിച്ചുകൊണ്ട് ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു.

"അല്ലാഹുതആല ഇസ്‌ലാമിക ധർമ്മശാസ്ത്രത്തിൽ അത്യാവശ്യ പ്രവർത്തികൾക്കായി മാതൃക സ്ഥാപിച്ചിട്ടുണ്ട്. തന്റെ സകല ശക്തിയോടും, പൂർണ്ണ സാന്നിദ്ധ്യത്തോടുംകൂടി അല്ലാഹുവിന്റെ വഴിയിൽ ബലിയാകാൻ മനുഷ്യനോട് അല്ലാഹു കല്പിച്ചിരിക്കുന്നു. ഈ അവസ്ഥയ്ക്കുള്ള മാതൃകയായിട്ടാണ് ബാഹ്യമായ ബലി നിശ്ചയിച്ചിട്ടുള്ളത്. യഥാർത്ഥ ഉദ്ദേശ്യം ***ലൻയ്യനാലല്ലാഹ ലുഹൂമുഹാ വലാ ദിമാഉഹാ വലാക്കിൻയ്യനാലുഹുത്തഖ്‌വ മിൻകും*** എന്നതാണ്. അതായത്, അല്ലാഹുവിന് നിങ്ങളുടെ മൃഗബലിയും മാംസവും എത്തുകയില്ല. അതിന്റെ രക്തവും എത്തുകയില്ല. എന്നാൽ, നിങ്ങളുടെ ഹൃദയഭക്തി അവനെത്തിച്ചേരുന്നു. അതായത്, അവന്റെ മാർഗ്ഗത്തിൽ മരിച്ചുപോകുംവിധം അവനെ ഭയപ്പെടുക. നിങ്ങൾ നിങ്ങളുടെ കൈകൊണ്ട് ബലിയറുക്കുന്നതുപോലെ, നിങ്ങളും അല്ലാഹുവിന്റെ വഴിയിൽ ബലിയായിത്തീരുക. ഇതിൽ കുറഞ്ഞുള്ള ഹൃദയഭക്തി ന്യൂനമാണ്." വീണ്ടും ഹദ്‌റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "പ്രകൃതിനിയമം ആദ്യം മുതലേ ഇങ്ങനെതന്നെയാണ്. അതായത് ഇതെല്ലാം പരിപൂർണ്ണമായ മഅ്‌രിഫത്ത്-ഈശ്വരീയജ്ഞാനത്തിനുശേഷമാണ് ലഭിക്കുന്നത്. ഭയവും സ്നേഹവും ബഹുമാനിക്കത്തക്ക ഗുണത്തിന്റെ അടിസ്ഥാനവുമെല്ലാം സമ്പൂർണ്ണമായ ഈശ്വരീയജ്ഞാനമാണ്. അല്ലാഹുവിനോടുള്ള ഭയം സ്വായത്തമാക്കുക. അവനെ മനസ്സിലാക്കാൻ ശ്രമിക്കുക. സമ്പൂർണ്ണമായ ഈശ്വരീയജ്ഞാനം നല്കപ്പെട്ടവന് ഭയവും സ്നേഹവും പൂർണ്ണമായും നല്കപ്പെട്ടു. ഇതാണ് ഹൃദയഭക്തി അഥവാ തഖ്‌വ." അതായത് അല്ലാഹുവിനോട് ഭയമുണ്ടാകുക, അവനോട് സ്നേഹമുണ്ടാകുക. പൂർണ്ണമായ ഭയവും സ്നേഹവും നല്കപ്പെട്ടവന് അവന്റെ കടിഞ്ഞാണില്ലാത്ത ജീവിതത്തിൽനിന്നുണ്ടാകുന്ന ഓരോ പാപങ്ങളിൽനിന്നും മോക്ഷം നല്കപ്പെട്ടിരിക്കുന്നു. എല്ലാ പാപങ്ങളിൽനിന്നും രക്ഷപ്പെടുന്നതിന്, തഖ്‌വ അനിവാര്യമാണ്. അല്ലാഹുവിനോടുള്ള ഭയവും അവനെക്കുറിച്ചുള്ള അറിവും പൂർണ്ണമാകുമ്പോൾ പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നു. ആ മഹാത്മാവ് പറയുന്നു: "ഈ മോക്ഷത്തിന് നമുക്ക് ആരുടേയും രക്തം ആവശ്യമില്ല. ഒരു കുരിശിന്റേയും ആവശ്യമില്ല. ഒരു പ്രായശ്ചിത്തത്തിന്റേയും ആവശ്യമില്ല. മറിച്ച്, നമുക്ക് വേണ്ടത് നമ്മുടെ ആത്മാവിന്റെ ബലിയാണ്. അതാവശ്യമുണ്ടെന്ന് നമ്മുടെ പ്രകൃതി പറയുന്നു. അത്തരം ബലിയെ മറ്റു വാക്കുകളിൽ പറയുന്നതിന്റെ പേരാണ് ഇസ്‌ലാം. ഇസ്‌ലാം എന്നതിന്റെ അർത്ഥം ബലിയറുക്കപ്പെടുന്നതിനായി കഴുത്ത് മുന്നോട്ടുവച്ചുകൊടുക്കുക എന്നാണ്. അതായത്, പൂർണ്ണസംതൃപ്തിയോടുകൂടി സ്വന്തം ആത്മാവിനെ അല്ലാഹുവിന്റെ സവിധത്തിൽവെച്ചുകൊടുക്കുക. ഈ പ്രിയങ്കരമായ നാമം സർവ്വ ധർമ്മശാസ്ത്രങ്ങളുടേയും ആത്മാവും സകല കല്പനകളുടേയും ജീവനുമാണ്." ഇതാണ് ഇസ്‌ലാം. അല്ലാഹുവിന്റെ കല്പന പൂർണ്ണമായ നിലയിൽ നിറവേറ്റാൻ തയ്യാറാകുക. ഇതിനുവേണ്ടി ഏതു വലിയ ത്യാഗത്തിനും തയ്യാറാകുക. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പൂർണ്ണമായ സ്നേഹവും പൂർണ്ണമായ അനുരക്തിയും ഉണ്ടെങ്കിൽ മാത്രമെ ബലിയറുക്കപ്പെടുന്നതിന് മനഃസന്തോഷത്തോടും ഇഷ്ടത്തോടും കൂടി കഴുത്ത് മുമ്പിൽ വയ്ക്കാൻ സാധിക്കുകയുള്ളൂ. ദൈവത്തെക്കുറിച്ചുള്ള തികവാർന്ന ജ്ഞാനമുണ്ടെങ്കിലേ, തികവാർന്ന സ്നേഹമുണ്ടാകുകയുള്ളൂ. യഥാർത്ഥ ബലിയ്ക്കായി പൂർണ്ണ

മായ ഈശ്വരീയജ്ഞാനത്തിന്റെയും തികവാർന്ന സ്നേഹത്തിന്റെയും ആവശ്യമുണ്ട്. ഇക്കാര്യത്തിലേക്കാണ് ഇസ്ലാം വിരൽചൂണ്ടുന്നത്. മറ്റൊന്നിന്റെയും ആവശ്യമില്ല. ഇതിലേക്കാണ് അല്ലാഹു വിശുദ്ധഖുർആനിൽ സൂചിപ്പിക്കുന്നത്, ***ലൻയ്യനാലല്ലാഹ ലുഹൂമുഹാ വലാ ദിമാഉഹാ വലാക്കിൻയ്യനാലുഹുത്തഖ്വാമിൻകും.*** അതായത് നിങ്ങൾ ബലിയർപ്പിക്കുന്ന മൃഗത്തിന്റെ മാംസം എന്നിലേക്കെത്തുകയില്ല, രക്തവും എത്തുകയില്ല. മറിച്ച്, നിങ്ങളെന്നെ ഭയപ്പെടുക. എനിക്കുവേണ്ടി ഹൃദയഭക്തി സ്വായത്തമാക്കുക. എന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക. ഈ ത്യാഗം മാത്രമെ എന്നിലേക്കെത്തുകയുള്ളൂ. പ്രസ്തുത ആത്മാവ് സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഈ ബാഹ്യമായ ബലിയുടെ മാതൃക നിലനിറുത്തിയിട്ടുള്ളത്. അതില്ലെങ്കിൽ നമ്മുടെ ബലി നന്മയാകുകയില്ല. മാംസം ഭക്ഷിക്കുന്നതും നന്മയല്ല. ഈ മാംസവും രക്തവും അല്ലാഹുവിനോളം എത്തുകയുമില്ല. അതുകൊണ്ട് നമ്മൾ നടത്തുന്ന നമ്മുടെ ബാഹ്യമായ ബലിയുടെ പിന്നിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ ആ ആത്മാവ് ഉണ്ടാക്കേണ്ടതാണ്. അല്ലാഹുവിനെക്കുറിച്ചുള്ള പരിപൂർണ്ണജ്ഞാനം കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. ഈ പരിപൂർണ്ണ ഈശ്വരീയജ്ഞാനം കരസ്ഥമാക്കാനും, ആ വഴിയിലൂടെ നടക്കാനും ശ്രമിച്ച കാരണത്താലാണ് ഹദ്റത്ത് ഹാജറായും ഹദ്റത്ത് ഇസ്മായീലും (അലയ്ഹിമസ്സലാം) തങ്ങളെ ബലിയ്ക്കായി സമർപ്പിച്ചത്. അവർക്ക് അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം ലഭിച്ചിരുന്നു. അതുകൊണ്ടാണ് ത്യാഗം ചെയ്യാൻ അവർ തയ്യാറായത്.

ഹദ്റത്ത് ഹാജറ(അ)യുടെ അല്ലാഹുവുമായിട്ടുള്ള ബന്ധവും അവനോടുള്ള സ്നേഹവും അവനിലുള്ള ദൃഢവിശ്വാസവും കൊണ്ടുതന്നെയായിരുന്നു, അവർ ഇബ്റാഹീം(അ)നോട്, ഇത് അല്ലാഹുവിന്റെ കല്പനയാണെങ്കിൽ താനും തന്റെ മകനും അല്ലാഹു തങ്ങളിൽനിന്ന് ആവശ്യപ്പെടുന്ന ബലിയ്ക്ക് തയ്യാറാണെന്ന് പറഞ്ഞത്. കാരണം അല്ലാഹുവിന്റെ കല്പനയ്ക്കു മുമ്പിൽ തങ്ങളുടെ ജീവന് എന്തു പ്രസക്തിയാണുള്ളത്. മകന്റെ നിലപാടും നോക്കുക. ആ പിതാവിന്റെ ശിക്ഷണവും അല്ലാഹുവിനോടുള്ള സ്നേഹവും കാരണത്താൽ, ചെറുപ്രായമായിരുന്നിട്ടും മകൻ ***യാ അബ്തിഹ് അൽ മാ തുഅ്മർ*** എന്നു പറഞ്ഞു. എന്റെ പിതാവേ, അങ്ങയോട് കല്പിക്കപ്പെട്ടത് അങ്ങ് ചെയ്യുക.

ഈ നിലപാടായിരുന്നു ആ പിതാവിന്റെയും മാതാവിന്റെയും പുത്രന്റെയും. ഇതിന്റെ സ്മരണയെന്നോണമാണ് ഈ ബലിയെ എന്നെന്നേക്കുമായി അല്ലാഹു നിലനിറുത്തിയത്. ഈ ബലിയുടെ സ്മരണ എന്നെന്നേക്കുമായി നിലനിറുത്തിയത് ഹദ്റത്ത് ഇബ്റാഹിം(അ) തന്റെ ഭാര്യയേയും പുത്രനേയും ആരോരുമില്ലാത്ത മരുഭൂമിയിൽ വിട്ടുകൊണ്ട്, മാതൃക കാണിച്ചതിന്റെ അടിസ്ഥാനത്തിലാണ്. കുറച്ച് ഭക്ഷണവും വെള്ളവും മാത്രമെ അവരുടെ കൈയിലുണ്ടായിരുന്നുള്ളൂ. എല്ലാ സ്നേഹത്തേയും അല്ലാഹുവിന്റെ സ്നേഹത്തിൽ ബലിയർപ്പിക്കുന്ന ആൾക്കല്ലാതെ അങ്ങനെ പ്രവർത്തിക്കാൻ സാധ്യമല്ല. ബാഹ്യമായി നോക്കുമ്പോൾ, തന്റെ ഭാര്യയും മകനും അധികനാൾ ജീവിച്ചിരിക്കുകയില്ലെന്ന് അദ്ദേഹത്തിന് തോന്നിയിട്ടുണ്ടാകും. കുറച്ച് ദിവസത്തിനുശേഷം അവരുടെ മരണം ഉറപ്പാണെന്ന് അദ്ദേഹം കാണുന്നുണ്ടായിരുന്നു. അതുകൊണ്ടാണല്ലോ, വികാരനിർഭരനായ അദ്ദേഹത്തിന് ഖദീജയുടെ ചോദ്യത്തിന് മറുപടി പറയാൻപറ്റാതെ, മുകളിലേക്ക് വിരൽചൂണ്ടി ആംഗ്യത്തിലൂടെ മറുപടി പറയേണ്ടിവന്നത്. പക്ഷേ, ഹദ്റത്ത് ഹാജറയുടെയും ഹദ്റത്ത് ഇസ്മായീലിന്റെ(അ)യും മനസ്സ് നബിയുടെ സൽസംഗം കാരണത്താൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ കഴുത്ത് മുന്നോട്ടുവെച്ചുകൊടുക്കാൻ തയ്യാറായി. ഈ സമ്പൂർണ്ണമായ അനുസരണത്തിന്റെ ആത്മാവായിരുന്നു ബലി കൊടുക്കാൻ അവരെ തയ്യാറാക്കിയത്.

അത്തരം ബലിയ്ക്ക് മറ്റു വാക്കുകളിൽ പറയുന്ന പേര് ഇസ്ലാം എന്നാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. ആ കുടുംബത്തിന്റെ ഈ ബലിയും പരിപൂർണ്ണമായ അനുസരണവും അല്ലാഹു സ്വീകരിച്ചു. അവർക്ക് ഒരു സ്ഥാനവും കൊടുത്തു. ഈ ബലിയെ അല്ലാഹു പാഴാക്കിക്കളഞ്ഞില്ല. പ്രതിഫലം നല്കാതെ വിട്ടുകളഞ്ഞില്ല. മാതാവും പുത്രനും സുരക്ഷിതരായി എന്നുമാത്രമല്ല, കുറച്ചുകാലത്തിനുശേഷം അവരുടെ ചുറ്റും ജനവാസമുണ്ടാകാനും തുടങ്ങി. പിന്നീട് അല്ലാഹു മണലാരണ്യത്തിൽ മറഞ്ഞുകിടന്നിരുന്ന ഏറ്റവും പഴയ ദേവാലയത്തിന്റെ അടിത്തറ അദ്ദേഹത്തിന് കാണിച്ചുകൊടുക്കുകയും അത് പുനർനിർമ്മിക്കാൻ കല്പിക്കുകയും ചെയ്തു. ഹദ്റത്ത് ഇബ്റാഹീം (അ) വീണ്ടും വന്നപ്പോൾ, ഹദ്റത്ത് ഇസ്മായീൽ(അ)യുമായി ചേർന്ന് അതിന്റെ നിർമ്മാണപ്രവൃത്തി തുടങ്ങി. അങ്ങനെ ഈ പിതാവും പുത്രനും അത് നിർമ്മിക്കുമ്പോൾ, ജോലിയെടുക്കുന്നതിനോടൊപ്പം അല്ലാഹു അത് സ്വീകരിക്കാൻ അവനോട് പ്രാർത്ഥിക്കുന്നുമുണ്ടായിരുന്നു. ഈ സ്ഥലം എന്നെന്നും ജനവാസമുള്ളതായിരിക്കേണമേ. ജനവാസമുള്ളതായിരുന്നാൽ മാത്രം പോരാ, സമാധാനം പ്രദാനം ചെയ്യുന്ന ഒരു പട്ടണമായി അത് തീരേണമേ. ഇവിടെ രക്തം ചിന്താൻ ഇടയാകരുതേ. ഇവിടുത്തെ വാസികൾക്ക് നിന്നിൽനിന്ന് എല്ലാത്തരം ഫലങ്ങളും കിട്ടിക്കൊണ്ടിരിക്കേണമേ. എല്ലാത്തിനെക്കാളുമുപരി ഞങ്ങളേയും നന്മയിൽ നിലനിറുത്തേണമേ, നിന്റെ സന്നിധിയിലേക്ക് ത്യാഗങ്ങളുടെ നിലവാരം കരസ്ഥമാക്കിക്കൊണ്ട് വരുന്നവരാക്കിത്തീർക്കേണമേ.

ഞങ്ങളെ മാത്രമല്ല, മറിച്ച്, ഞങ്ങളുടെ മക്കളിൽനിന്നും നിന്നെ പരിപൂർണ്ണമായും അനുസരിക്കുന്നവരും ബലി യർപ്പിക്കുന്നവരും ജനിച്ചുകൊണ്ടിരിക്കേണമേ.

വിശുദ്ധഖുർആനിൽനിന്ന് ഈ പ്രാർത്ഥന നമുക്ക് ലഭിക്കുന്നുണ്ട്. ഹദ്റത്ത് ഇബ്റാഹീമും, ഹദ്റത്ത് ഇസ്മാ യീലും ഇങ്ങനെ പ്രാർത്ഥിച്ചിരുന്നതായി അതു പറയുന്നു.

***റബ്ബനാ വജ്അൽനാ മുസ്ലിമയ്നിലക്ക വമിൻ ദുർരി യ്യത്തിനാ ഉമ്മത്തൻ മ്മുസ്ലിമത്തൻല്ലക്ക വ അരിനാ മനാസികനാ വതുബ് അലയ്നാ ഇന്നക്ക അൻതത്ത വ്വാബുർറഹീം.***

"ഞങ്ങളുടെ നാഥാ! നീ ഞങ്ങളിരുവരെയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതിക ളിൽനിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേല്പിക്കുകയും ചെയ്യേണമേ! ഞങ്ങൾക്ക് ഞങ്ങ ളുടെ ആരാധനാവിധങ്ങൾ നീ കാണിച്ചുതരേണമേ! ഞങ്ങളുടെനേരെ കാരുണ്യത്തോടെ തിരിയേണമേ! നിശ്ചയമായും വളരെയധികം ശ്രദ്ധതിരിക്കുന്നവനും കരുണാമയനും നീ തന്നെയാണല്ലോ" (2:129).

ഇതായിരുന്നു അവരുടെ ദുആ. അതായത്, ഞങ്ങൾക്ക് നിന്റെ തൃപ്തി കരസ്ഥമാക്കുന്ന രീതിയിലേക്ക് മാർഗ്ഗ ദർശനം നല്കിക്കൊണ്ടിരിക്കേണമേ. ആരോരുമില്ലാത്ത മണലാരണ്യത്തിൽ ഉമ്മയും മകനും വസിച്ചുകൊണ്ടും പിതാവ് തന്റെ വാർദ്ധക്യദശയിലുണ്ടായ, തന്റെ കര ളിന്റെ കഷണമായ മകനെയും ഭാര്യയേയും ഉപേക്ഷി ച്ചുകൊണ്ടും ത്യാഗത്തിന്റെ ഒരു വലിയ മാതൃക സ്ഥാപി ച്ചുകഴിഞ്ഞിരുന്നു. അല്ലാഹുവിന്റെ സന്തോഷം കരസ്ഥ മാക്കിക്കഴിഞ്ഞിരുന്നു. അതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ ഇങ്ങനെ വന്നിരിക്കുന്നു:

***വ ഇദിബ്ത്തലാ ഇബ്റാഹീം റബ്ബുഹൂ ബി കലിമാ ത്തിൻ ഫ അതമ്മഹുന്ന. ഖാല ഇന്നീ ജാഇലുക്ക ലിന്നാസി ഇമാമാ.***

"ഇബ്റാഹീമിനെ അദ്ദേഹത്തിന്റെ നാഥൻ ചില കല്പ നകൾ വഴി പരീക്ഷിച്ച സന്ദർഭം. അപ്പോൾ അദ്ദേഹം അവയെ പൂർത്തിയാക്കി. അവൻ പറഞ്ഞു: ഞാൻ നിന്നെ ജനങ്ങൾക്ക് നേതാവാക്കുന്നു" (2:125).

പിന്നേയും അദ്ദേഹം അപേക്ഷിക്കുകയാണ്. ***വ അരിനാ മനാസികനാ വതുബ് അലയ്നാ*** ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാവിധങ്ങളും ത്യാഗത്തിന്റെ രീതി കളും പഠിപ്പിച്ചുതരിക (2:129).

ഞങ്ങളുടെ ത്യാഗങ്ങളെ പാഴാക്കിക്കളയുന്ന പ്രവൃ ത്തികളൊന്നും ഞങ്ങളിൽനിന്ന് ഉണ്ടാകരുതേ. അല്ലാ ഹുവേ, എല്ലാ അവസ്ഥകളും നീയാണ് നന്നായിട്ടറിയു ന്നവൻ. ഏതുനേരത്ത് എങ്ങനെയുള്ള ത്യാഗമാണ് വേണ്ടതെന്ന് നിനക്കാണറിയുന്നത്. അതുകൊണ്ട് നിന്റെ മാർഗ്ഗദർശനവും നിന്റെ തൃപ്തിയും തന്നെയാണ് യഥാർത്ഥമായിട്ടുള്ളത്. അതിൽനിന്ന് നീ ഞങ്ങളെ ഒരി ക്കലും പുറത്താക്കരുതേ. ഇതായിരുന്നു അവരുടെ പ്രാർത്ഥന.

ഖിയാമത്തുനാൾവരെ ജന്മംകൊള്ളുന്ന തലമുറ യുടെ അനശ്വരത ബന്ധപ്പെട്ടുനില്ക്കുന്ന ഈ ദുആയും അവർ ചെയ്തിരുന്നു. തങ്ങളുടെ ഉമ്മത്തിൽനിന്ന് തങ്ങ ളേക്കാൾ ത്യാഗം ചെയ്യാൻ കഴിവുള്ള ഒരു നബിയെ എഴുന്നേല്പിക്കണമെന്നും ദുആ ചെയ്തിരുന്നു. ആ ദുആ ഇതായിരുന്നു:

***റബ്ബനാ വബ്അഥ് ഫീഹിം റസൂലൻമ്മിൻഹും യത്‌ലൂ അലയ്ഹിം ആയാതിക്ക വയുഅല്ലിമുഹുമുൽകി താബ വൽഹിക്മത്ത വയുസക്കീഹിം ഇന്നക്ക അൻതൽ അസീസുൽ ഹക്കീം.***

"ഞങ്ങളുടെ നാഥാ, അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നീ അവരിൽനിന്നും എഴുന്നേല്പിക്കേണ മേ. തീർച്ചയായും നീ പ്രതാപശാലിയും അഗാധജ്ഞാ നിയുമാകുന്നു" (2:130).

അല്ലാഹു ആ പിതാവിന്റെയും പുത്രന്റെയും ദുആ സ്വീകരിച്ചതിന്റെ ഫലമായി നബി(സ) തിരുമേനിയോടു പറഞ്ഞു: നീ പ്രഖ്യാപിക്കുക, ഹദ്റത്ത് ഇബ്റാഹീമും ഹദ്റത്ത് ഇസ്മായീലും(അ) ചെയ്ത ആ ദുആയുടെ ഫലമായ റസൂലാകുന്നു ഞാൻ. പിന്നീട് അല്ലാഹു നബി (സ)യോട് പറഞ്ഞു, ഹദ്റത്ത് ഇബ്റാഹീമും ഹദ്റത്ത് ഇസ്മായീലും ഇങ്ങനെ ദുആ ചെയ്തിരുന്നു.

***വ അരിനാ മനാസികനാ*** എന്നാൽ, ഏ, മുഹമ്മദ്(സ) നീ ഇങ്ങനെ വിളംബരം ചെയ്യുക, എന്നിൽ ആ ത്യാഗ ങ്ങളുടെയും ആരാധനകളുടെയും എല്ലാ അവസ്ഥയും അവസാനിച്ചിരിക്കുകയാണ്. മനുഷ്യന്റെ കഴിവുകളുടെ പാരമ്യത സമ്പൂർണ്ണമായിരിക്കുന്ന ആ മഹാനായ ദൂതനാകുന്നു ഞാൻ. ഇനി പുതിയ രീതികൾ പഠിക്കേണ്ട ആവ്യമില്ല. മറിച്ച്, എന്റേതായി ഒന്നുമില്ലാത്തവിധം ഞാനെന്റെ അല്ലാഹുവിന്റേതായിത്തീർന്നിരിക്കുന്നു. എല്ലാം അല്ലാഹുവിന്റേതാണ്. നബി(സ)യെക്കൊണ്ട് അല്ലാഹു പറയിച്ചു:

***ഖുൽ ഇന്നസ്സ്വലാത്തീ വ നുസുക്കീ വ മഹ്യായ വ മമാത്തി ലില്ലാഹി റബ്ബിൽ ആലമീൻ*** (6:163).

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആയത്തിന് വിശ ദീകരണം നല്കിക്കൊണ്ടു പറയുന്നു: അവരോട് പറ യുക. എന്റെ നമസ്കാരവും എന്റെ ആരാധനയും എന്റെ കഠിനപരിശ്രമവും എന്റെ ത്യാഗവും എന്റെ ജീവിതവും എന്റെ മരണവുമെല്ലാം അല്ലാഹുവിനുള്ളതും അല്ലാഹു

വിന്റെ വഴിയിൽ അർപ്പിതവുമാണ്. അവൻ സകല ലോകത്തിന്റെയും പരിപാലകനാണ്. അവന് ആരും പങ്കാളിയില്ല. എന്നോട് കല്പിക്കപ്പെട്ടിട്ടുള്ളത്, ഞാൻ അനുസരണം പുലർത്തുന്നവരിൽ ഒന്നാമനാകുന്നു എന്നാണ്. അതായത്, ലോകത്തിന്റെ ആരംഭം മുതൽ അതിന്റെ അവസാനംവരെ എന്നപ്പോലെ അല്ലാഹുവിൽ ലയിച്ച ഒരു പൂർണ്ണമനുഷ്യനുമില്ല. അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും അവനിൽനിന്ന് കരസ്ഥമാക്കുന്നവനും ആരുമില്ല. ഇതാണ് നബി(സ)ക്ക് അല്ലാഹുവിന്റെ പക്കലുള്ള സ്ഥാനം.

ഹദ്റത്ത് ഇബ്റാഹീ(അ)മും ഹദ്റത്ത് ഇസ്മായീലും (അ) ഇങ്ങനെ ദുആ ചെയ്തിരുന്നു. ***റബ്ബനാ വജ്അൽനാ മുസ്‌ലിമയ്നി ലക്ക വമിൻ ദുർരിയ്യത്തിനാ*** ഞങ്ങളുടെ നാഥാ! നീ ഞങ്ങൾ ഇരുവരെയും നിന്നെ അനുസരിക്കുന്ന രണ്ട് ദാസരാക്കേണമേ; ഞങ്ങളുടെ സന്തതികളിൽനിന്നും. വീണ്ടും ദുആ ചെയ്തു.

***റബ്ബനാ വബ്അഥ് ഫീഹിം റസൂലൻമ്മിൻഹും*** ഞങ്ങളുടെ നാഥാ! ഇവരിൽനിന്ന് മഹാനായ റസൂലിനെ എഴുന്നേല്പിക്കേണമേ.

അല്ലാഹു നബി(സ) തിരുമേനിയെ അയച്ചുകൊണ്ട് ഇങ്ങനെ വിളംബരം ചെയ്തു: ഞാൻ നിങ്ങളുടെ ദുആകൾ സ്വീകരിച്ചു. ഈ മഹാനായ റസൂൽ ഇപ്പോൾ, അദ്ദേഹത്തിന്റെ ആരാധനകളും ത്യാഗങ്ങളും ആ നിലവാരം കരസ്ഥമാക്കി എന്നു വിളംബരം ചെയ്യുന്നു. മാത്രമല്ല, അത് കഴിഞ്ഞവർക്കും ഇപ്പോഴുള്ളവർക്കും ഒരു മാതൃകയാണ്. ഇനി വരുന്നവർക്കും മാതൃകയാണ്.

താൻ മുസ്‌ലിംകളിൽ ഒന്നാമത്തെയാളാണെന്നും നബി(സ) പ്രഖ്യാപിച്ചു. തന്റെ മുസ്‌ലിം എന്ന അവസ്ഥയും തന്റെ അനുസരണശീലൻ എന്ന അവസ്ഥയും അല്ലാഹുവിന്റെ പ്രത്യേക ദാസൻ എന്ന അവസ്ഥയും അവനിൽ എല്ലാം ബലിയർപ്പിക്കുന്ന അവസ്ഥയുമെല്ലാം എല്ലാത്തിനേക്കാളും ഉയർന്നതാണെന്നും. ഇതിനുമുമ്പേ ആർക്കും ഈ സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞിട്ടില്ലെന്നും വിളംബരം ചെയ്തു. തന്റെ കാലത്തും ആർക്കും താൻ നേടിയ സ്ഥാനം പ്രാപിക്കാൻ സാധ്യമല്ലെന്നും തനിക്കുശേഷവും അത്തരക്കാർ ആരുമുണ്ടാകുകയില്ലെന്നുമുള്ള പ്രഖ്യാപനമായിരുന്നു അത്. ഇതാണ് ആ മഹാത്മാവ് പരിപൂർണ്ണമനുഷ്യൻ എന്ന് പറഞ്ഞതിന്റെ യാഥാർത്ഥ്യം.

അല്ലാഹു ആ മഹാത്മാവിന് നല്കിയ സ്ഥാനം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽ മാത്രം ഒതുങ്ങിയതായിരുന്നില്ല. മറിച്ച്, അദ്ദേഹത്തിന്റെ സമുദായത്തോടും കല്പിച്ചു, ഈ മഹാനായ പ്രവാചകൻ നിങ്ങൾക്ക് ഉത്തമമാതൃകയാണെന്ന്. അതുകൊണ്ട്, ഈ റസൂലിന്റെ അനുയായികളാണെന്ന് വാദിക്കുന്നെങ്കിൽ, ഈ റസൂൽ(സ)ന്റെ മഹത്തായ മാതൃകയിൽ പദമൂന്നുക. അപ്പോൾ നിങ്ങൾ യഥാർത്ഥ അനുയായി എന്നു പറയപ്പെടും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അല്ലാഹു പറഞ്ഞു: "ഏ, റസൂൽ! നിന്നെ പിന്തുടരാൻ ആഗ്രഹിക്കുന്നവരോട് പറയുക, എന്റെ നമസ്കാരവും എന്റെ ത്യാഗവും എന്റെ മരണവും എന്റെ ജീവിതവുമെല്ലാം അല്ലാഹുവിനുവേണ്ടിയാണ്. എന്നെ പിന്തുടരാൻ ആഗ്രഹിക്കുന്നവരും ഈ ത്യാഗങ്ങൾ നിർവഹിക്കേണ്ടതാണ്."

ഈ മഹാനായ റസൂൽ(സ)ന്റെ സ്വഹാബത്ത്, ആ മഹാത്മാവിന്റെ ജീവിതമാതൃകയിലൂടെ നടന്നുകൊണ്ട്, സർവ്വവും അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപ്പിച്ചത് നാം കണ്ടു. സ്ത്രീകളും പുരുഷന്മാരുമെല്ലാം ത്യാഗങ്ങളിലും ആരാധനകളിലും വ്യക്തിമുദ്ര പതിപ്പിച്ചു. അത് നമുക്ക് മാതൃകയായിത്തീർന്നു. അവർ രാത്രിയെ ജീവിപ്പിച്ചു. ജീവൻ ആവശ്യമായി വന്നപ്പോൾ ജീവൻ നല്കി. രാത്രി മുഴുവനും ആരാധനാകർമ്മങ്ങളിൽ മുഴുകി. ഉറക്കം അകലാനുള്ള പല മാർഗ്ഗങ്ങളും സ്വീകരിച്ചു. അങ്ങനെ ത്യാഗങ്ങളുടെ ഉന്നതമായ മാതൃക കാഴ്ചവച്ചുകൊണ്ടാണ് അവർ പോയത്. അത് നമുക്കും മാതൃകയാണ്. ജീവാർപ്പണത്തിന്റെ ഒരു ഉദാഹരണം പറയാം, ജീവൻ ബലിയർപ്പിക്കാനുള്ള ഉൽക്കടമായ ആഗ്രഹത്തിന്റെ ഉദാഹരണം.

ഹദ്റത്ത് ഖാലിദ്ബിൻ വലീദിന്റെ സംഭവമാണ്. അദ്ദേഹം മരണാസന്നനായപ്പോൾ കരയാൻ തുടങ്ങി. അദ്ദേഹത്തിന്റെ ആ അവസ്ഥ അങ്ങേയറ്റം ശോചനീയമായിരുന്നു. മരണത്തെ ഭയപ്പെടുകയാണോ എന്ന് ആരോ ചോദിച്ചു. അതല്ല, മറ്റെന്തെങ്കിലും ദുഃഖമാണോ? അങ്ങ് ഇസ്‌ലാം സ്വീകരിച്ചതിനുശേഷം അതിനുവേണ്ടി ധാരാളം സേവനം ചെയ്തുകൊണ്ടിരുന്ന ആളാണ്. എന്തിനാണ് അങ്ങ് ഭയപ്പെടുന്നത്. അല്ലാഹു താങ്കൾക്ക് പ്രതിഫലം നല്കാതിരിക്കുകയില്ല. അദ്ദേഹം പറഞ്ഞു: മരണത്തെക്കുറിച്ചല്ല എനിക്ക് വിഷമം. അതുകൊണ്ടല്ല ഞാൻ കരയുന്നത്. ഇസ്‌ലാം സ്വീകരിച്ചതിനുശേഷം ഇസ്‌ലാമിനുവേണ്ടി എന്റെ ജീവൻ ബലിയർപ്പിക്കാൻ അപകടകരമായ സ്ഥലങ്ങളിൽനിന്നുപോലും ഞാൻ ശത്രുക്കളോട് പോരാടി. താങ്കൾ എന്റെ കാലിൽനിന്നും എന്റെ തോളിൽനിന്നും എന്റെ പുറത്തുനിന്നും എന്റെ നെഞ്ചിൽനിന്നും തുണി മാറ്റിനോക്കുക. എന്റെ ശരീരം മുഴുവൻ പരിശോധിച്ചുനോക്കുക. മുറിവിന്റെ പാടില്ലാത്ത ഒരു സ്ഥലവും താങ്കൾ കാണുകയില്ല.

ഞാൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എന്റെ ജീവൻ ബലിയർപ്പിക്കുന്നതിനും ശഹീദാകുന്നതിനും വേണ്ടി ഏറ്റവും അപകടകരമായ സ്ഥലങ്ങളിൽനിന്നുപോലും പോരാടാൻ മടിച്ചിരുന്നില്ല. പക്ഷേ, ഇന്ന് എന്റെ മരണം ഈ കിടക്കയിൽ സംഭവിക്കുന്നല്ലോ എന്നോർത്താണ്

എനിക്ക് കരച്ചിൽ അടക്കാൻ കഴിയാത്തത്. രണാങ്കണത്തിൽ പോരാടി മരിക്കാൻ എനിക്ക് സാധിക്കുന്നില്ല. അല്ലാഹു എന്നോട് നീരസം പ്രകടിപ്പിച്ചതുകൊണ്ടാണോ എനിക്ക് ശഹാദത്തിന്റെ സ്ഥാനം ലഭിക്കാതിരുന്നത് എന്നോർത്താണ് ഞാൻ കരയുന്നത്."

ഇതായിരുന്നു ആ മഹാനായ റസൂൽ(സ) തന്റെ ആത്മീയശക്തി പ്രതാപംകൊണ്ട് തന്നെ വിശ്വസിച്ചവരിൽ ഉണ്ടാക്കിയെടുത്ത മുത്തും പവിഴവും. അവർ ജീവിതം മുഴുവൻ തുടർച്ചയായി ത്യാഗം വരിച്ചുകൊണ്ടിരുന്നു. അവർ അമ്പലുൽമുസ്‌ലിമീന്റെ യഥാർത്ഥ വക്താക്കളായി. അവരെ അല്ലാഹു ഇഷ്ടപ്പെട്ടു. അല്ലാഹു ***റളിയല്ലാഹു അൻഹും*** എന്നു പറഞ്ഞുകൊണ്ട് അത് പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷേ, എന്നിട്ടും തങ്ങളുടെ ത്യാഗങ്ങൾ സ്വീകരിക്കപ്പെട്ടോ എന്ന ചിന്തയായിരുന്നു അവർക്കുണ്ടായിരുന്നത്.

ഹദ്‌റത്ത് ഇബ്‌റാഹീം(അ) തന്റെ സന്താനങ്ങളിൽ എപ്പോഴും അനുസരണശീലർ ഉണ്ടായിക്കൊണ്ടിരിക്കാൻ പ്രാർത്ഥിച്ചിരുന്നു. അതിനായി അല്ലാഹു നബി(സ) തിരുമേനിയെ അയക്കുകയും, ഖാത്തമുൽ അമ്പിയാഅ് ആക്കുകയും ചെയ്തുകൊണ്ട് ഖിയാമത്തുന്നാൾ വരെ ആ മഹാത്മാവിന്റെ ശരീഅത്ത് നിലനിറുത്തി അമരത്തം നല്കി. ഇപ്പോൾ മരിച്ചവർ ജീവിക്കുന്ന ദൃശ്യം, സ്വന്തം ത്യാഗങ്ങൾകൊണ്ട് ജീവിതം കരസ്ഥമാക്കുന്ന ദൃശ്യം, നബി(സ) തിരുമേനിയെ വിശ്വസിക്കുന്നവർ മുഖേനയാണ് വെളിച്ചത്ത് വരേണ്ടത്.

ഞാൻ കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞതുപോലെ, ഹദ്‌റത്ത് ഇബ്‌റാഹീം(അ)ന്, മരിച്ചവർ ജീവിക്കുന്ന നാലാമത്തെ ദൃശ്യം, അല്ലെങ്കിൽ ജീവിക്കേണ്ടിയിരുന്ന നാലാമത്തെ പക്ഷി നബി(സ)യുടെ സത്യസന്ധനായ ദാസനും മസീഹും മഹ്ദിയും മുഖേന ജീവിക്കുന്നതായിട്ടാണ് കാണിക്കപ്പെട്ടത്. കാരണം, ഈ മസീഹ് മൗഊദ്(അ) അഥവാ വാഗ്ദത്ത മസീഹുതന്നെയാണ് നബി (സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമി. അദ്ദേഹം തന്റെ യജമാനന്റെ ജീവിതമാതൃകയിലൂടെ നടന്നുകൊണ്ട് തന്റെ ത്യാഗങ്ങളും തന്റെ ആരാധനകളും തന്റെ ജീവിതവും തന്റെ മരണവുമെല്ലാം അല്ലാഹുവിനുവേണ്ടി പ്രത്യേകപ്പെടുത്തിവച്ചിരുന്നു. തന്റെ ജമാഅത്തിലും ഈ ആത്മാവ് ഊതി. അതിനുവേണ്ടി തുടർച്ചയായി പരിശ്രമിച്ചു. അതിനാൽ, ഇന്ന് നമ്മുടെ ബലിപെരുന്നാൾ, യഥാർത്ഥ ബലിയുടെ പെരുന്നാളാകണമെങ്കിൽ നമ്മൾ ബലിയറുക്കുന്ന മൃഗങ്ങളേയും പെരുന്നാൾ പരിപാടികളേയും കണ്ട് സന്തോഷിക്കുന്നവരായിത്തീർന്നാൽ മാത്രം പോരാ. മറിച്ച്, നമ്മുടെ ഇന്ദ്രിയാശകളെ ബലിയർപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ പരിശ്രമിക്കുന്നവരാകണം. ദൈവകല്പനകളുടെ അനുസരണത്തിന്റെ നുകം പൂർണ്ണമായും നമ്മുടെ കഴുത്തിലിടുന്നവരായിത്തീരണം. ത്യാഗങ്ങളുടെ നിലവാരം മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുന്നവരാകണം. ഇക്കാലഘട്ടത്തിൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചവർ ദീനിനുവേണ്ടി ചെയ്ത ത്യാഗങ്ങളെ ജീവനോടെ നിലനിറുത്തുന്നവരാകണം. അവർ തങ്ങളുടെ ജീവൻ കാണിക്കയായി സമർപ്പിച്ചു. പക്ഷേ, തങ്ങളുടെ വിശ്വാസത്തിന് ക്ഷതമേല്പിക്കാൻ ആരേയും അനുവദിച്ചില്ല. ഇന്ന് ഈ ബലിപെരുന്നാൾ അല്ലാഹുവിനെ അനുസരിച്ചുകൊണ്ട് നാം ആഘോഷിക്കുമ്പോൾ, അഹ്‌മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിനുവേണ്ടി തങ്ങളുടെ ജീവൻ ബലിയർപ്പിച്ച ആ ശുഹദാക്കളേയും അവരുടെ മക്കളേയും ഓർക്കുക. അവർ ത്യാഗത്തിന്റെ പൊരുൾ മനസ്സിലാക്കിയവരായിരുന്നു. അതിന്റെ പ്രകടമായ ചിത്രമായിരുന്നു. അല്ലാഹു അവരുടെ മക്കളുടെമേൽ കരുണ ചൊരിയുമാറാകട്ടെ! അനുഗ്രഹിക്കുമാറാകട്ടെ. ഇഹപരലോക സുഖസമൃദ്ധി നല്കി അനുഗ്രഹിക്കുമാറാകട്ടെ.

ഈ അവസരത്തിൽ ജീവനും ധനവും അഭിമാനവും സമയവും ത്യാഗം ചെയ്യാൻ സദാ സന്നദ്ധരായിരിക്കും എന്നുള്ള നമ്മുടെ പ്രതിജ്ഞയും ഓർക്കുക. ഇതിനുവേണ്ടി നാം എപ്പോഴും തയ്യാറായിരിക്കേണ്ടതാണ്.

ഇന്തോനേഷ്യയിലെ മോൺസിലറിൽ ഇപ്പോൾ കഠിനമായ അവസ്ഥയാണ് അഹ്‌മദികൾക്ക് നേരിട്ടിരിക്കുന്നത്. കഴിഞ്ഞ കുറച്ചുകാലമായി ഇത് തുടർന്നുവരുന്നു. നമ്മുടെ പല പള്ളികളും തകർക്കപ്പെട്ടു. കേടുപാടുകൾ വരുത്തി. രണ്ടുദിവസം മുമ്പേയും രണ്ട് പള്ളികൾ കേടുവരുത്തി. പോലീസ് നമ്മുടെ ചില പള്ളികൾ സീൽ വെച്ചിട്ടുമുണ്ട്. അഹ്‌മദികളുടെ വീടിനുനേരെയും ആക്രമണമുണ്ടായി. പല അഹ്‌മദികൾക്കും പരിക്കുപറ്റി. മിനിയാന്നും നമ്മുടെ ഒരഹ്‌മദിക്ക് പരിക്കേറ്റു. അവർക്കുവേണ്ടിയും ദുആ ചെയ്യുക. ഈ ദൂരദൂര സ്ഥലങ്ങളിൽ വസിക്കുന്ന ഇവർ, ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചു. ആ മഹാത്മാവിന്റെ മസീഹിയ്യത്ത് മഹ്ദിവിയ്യത്ത് വാദങ്ങൾ സ്വീകരിച്ചു. അതിൽ നിലനിന്നു. ഈമാനെ തങ്ങളുടെ നെഞ്ചകങ്ങളിലേറ്റിവെച്ചു. അവർ ബന്ധുത്വത്തിനും ഭയത്തിനും അത്യാശയ്ക്കുമൊന്നും ഒരു പ്രാധാന്യവും നല്കിയില്ല. അവിടെ അധികവും ദരിദ്രരാണ്. വളരെ പ്രയാസപ്പെട്ടാണ് അവർ ജീവിതം കഴിക്കുന്നത്. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഭൗതികമായ നഷ്ടമെന്നല്ല മരണംവരെ വരിക്കാൻ തയ്യാറായിരിക്കുന്നു അവർ. ഇത്രമാത്രം ഈമാനിൽ അവർ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. എന്നാൽ, ആത്മീയമായ നഷ്ടവും ആത്മീയമായ മരണവും ഒരു കാരണവശാലും സ്വീകരിക്കാൻ അവർ തയ്യാറല്ല. ഇതുതന്നെയാണ് മരിച്ചവരുടെ ഉയിർത്തെഴുന്നേല്പ്. ഇതുതന്നെയാണ് ദീനിന്റെ ഉയിർത്തെഴുന്നേല്പ്. അത് നബി(സ)യുടെ സത്യസന്ധനായ ദാസൻ മുഖേന അല്ലാഹു

ഇക്കാലഘട്ടത്തിൽ സ്ഥാപിച്ചിട്ടുള്ളതാണ്. ഞാൻ പറഞ്ഞതുപോലെ ഈ ആത്മീയജീവിതം കരസ്ഥമാക്കുന്നതിന് ചില ഘട്ടങ്ങളിൽ ത്യാഗം ചെയ്യേണ്ടിവരും. ജീവനും ബലിയർപ്പിക്കേണ്ടതായിവരും. ഇതിനുവേണ്ടി ലോകത്തുള്ള ഓരോ അഹ്മദിയും തയ്യാറായി നില്ക്കുന്നു. ഇതുതന്നെയാണ് മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നതിന്റെ സൗന്ദര്യവും തെളിവും. അതായത് ഒരൊറ്റ ഉദ്ദേശ്യത്തിനുവേണ്ടി, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്ന ഉദ്ദേശ്യത്തിനുവേണ്ടി പാക്കിസ്ഥാനീ അഹ്മദികളും ത്യാഗം വരിക്കുന്നു. ഇന്തോനേഷ്യൻ അഹ്മദികളും ത്യാഗം വരിക്കുന്നു. ബംഗ്ലാദേശീ അഹ്മദികളും ത്യാഗം വരിക്കുന്നു. ശ്രീലങ്കൻ അഹ്മദികളും ത്യാഗം വരിക്കുന്നു. ഹിന്ദുസ്ഥാനീ അഹ്മദികളും ത്യാഗം വരിക്കുന്നു. ആഫ്രിക്കൻ അഹ്മദികളും ത്യാഗം വരിക്കുന്നു. എന്നല്ല, ഇപ്പോൾ യൂറോപ്പിലെ ചില രാജ്യങ്ങളിലും അഹ്മദികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അതിനാൽ, ഈ ബലിപെരുന്നാൾ, ആ എല്ലാ അവസ്ഥകളേയും ത്യാഗങ്ങളേയും മുന്നിൽവെച്ചുകൊണ്ട്, പൂർണ്ണമായ അനുസരണത്തിന്റെ ആത്മാവിനെ നിലനിറുത്തുന്ന നിലയിൽ നാം ആഘോഷിക്കേണ്ടതാണ്. അല്ലാഹു നമുക്ക് സത്യസന്ധമായ നിലയിൽ അനുസരണം പുലർത്താൻ തൗഫീഖ് നല്കുമാറാകട്ടെ. അവന്റെ കലർപ്പില്ലാത്ത സ്നേഹം പ്രദാനം ചെയ്തുകൊണ്ട് നമ്മുടെ ഹൃദയങ്ങളിൽ വിളങ്ങുമാറാകട്ടെ. അന്ധകാരങ്ങളെല്ലാം നമ്മളിൽനിന്ന് എപ്പോഴും അകന്നിരിക്കുമാറാകട്ടെ. നമ്മൾ ത്യാഗത്തിന്റെ ആത്മാവ് എപ്പോഴും മനസ്സിലാക്കുന്നവരായിത്തീരാൻ, അവന്റെ പ്രകാശം എപ്പോഴും നമ്മളിൽ വെളിപ്പെട്ടുകൊണ്ടിരിക്കുമാറാകട്ടെ.

ഖുത്ബയ്ക്കുശേഷം ഇൻശാഅല്ലാഹ് ദുആ ചെയ്യുന്നതാണ്. ജമാഅത്തിനുവേണ്ടി ത്യാഗം വരിച്ച ശുഹദാക്കളേയും അവരുടെ മക്കളേയും അഹ്മദിയ്യത്തിനുവേണ്ടി ഇരുമ്പഴികൾക്കുള്ളിൽ ജീവിതം കഴിക്കുന്ന ദൈവവഴിയിലെ തടവുകാരേയും അഹ്മദിയ്യത്തുകാരണം വിഷമം സഹിക്കുന്ന ഓരോരുത്തരേയും ദുആയിൽ ഓർക്കുക. ദീനിന്റെ വഴിയിൽ പ്രവർത്തിക്കുന്ന മുജാഹിദുകളേയും മുബല്ലിഗുമാരേയും ഓർക്കുക. അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കുന്നതിന് സഹായിക്കുന്നവരാണവർ. ദഅ്വത്തെ ഇലല്ലാഹ് ചെയ്യുന്നവരേയും ഓർക്കുക. അവർ തങ്ങളുടെ സമയം അല്ലാഹുവിന്റെ സന്ദേശം എത്തിക്കുന്നതിനുവേണ്ടി ചെലവഴിക്കുന്നു. തബ്ലീഗ് ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കൊണ്ടുവന്ന യഥാർത്ഥ ഇസ്ലാം എത്തിച്ചുകൊണ്ടിരിക്കുന്നു. സാമ്പത്തിക ത്യാഗം ചെയ്യുന്നവരെ ദുആയിൽ ഓർക്കുക. ലോകത്തിന്റെ ഏതു നാട്ടിലും വസിക്കുന്ന എല്ലാ അഹ്മദികളേയും ദുആയിൽ ഓർക്കുക. അല്ലാഹു എല്ലാവരേയും തന്റെ അനുഗ്രഹത്തിന്റേയും കാരുണ്യത്തിന്റേയും തുണിയിൽ പൊതിഞ്ഞുവയ്ക്കുമാറാകട്ടെ. മുസ്ലിം രാഷ്ട്രങ്ങളിലെ ഇപ്പോഴത്തെ അവസ്ഥ നമുക്കറിയാം. മുസ്ലിം മുസ്ലിമിനെ മർദ്ദിക്കുന്നു, അരിഞ്ഞുവീഴ്ത്തുന്നു, കൊല്ലുന്നു. അവർക്ക് അല്ലാഹു നല്ല ബുദ്ധി തോന്നിക്കാൻ വേണ്ടിയും ദുആ ചെയ്യുക. അവർ യഥാർത്ഥ ഇസ്ലാമിനെ മനസ്സിലാക്കുന്നവരായിത്തീരാനും ദുആ ചെയ്യുക. പാക്കിസ്ഥാനിലേയും അറേബ്യൻ രാജ്യങ്ങളുടേയും, ഇറാഖിന്റേയും, ഫലസ്തീന്റേയും അവസ്ഥകൾ നമുക്കറിയാം. എല്ലാ രാജ്യത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു ഇവിടങ്ങളിലെല്ലാം സമാധാനം സ്ഥാപിക്കുമാറാകട്ടെ. ഇവർക്ക് യഥാർത്ഥ ഇസ്ലാമിന്റെ ആത്മാവ് തങ്ങളുടെ ഉള്ളിൽ സൃഷ്ടിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. മസീഹ് മഹ്ദിയെ വിശ്വസിക്കുന്നവരായിത്തീരട്ടെ.

ഇപ്രകാരംതന്നെ ലോകത്തിലെ മറ്റുരാഷ്ട്രങ്ങൾക്കുവേണ്ടിയും ദുആ ചെയ്യുക. ലോകത്തിന്റെ സമാധാനം ബന്ധപ്പെട്ടിരിക്കുന്നത് നബി(സ) തിരുമേനിയുമായിട്ടാണ്. ആ മഹാത്മാവിന്റെ സത്യസന്ധനായ പ്രേമി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വരുന്നതുമായിട്ടാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നവരായിത്തീരാൻ അല്ലാഹു ഇവർക്ക് സൗഭാഗ്യം നല്കുമാറാകട്ടെ.

ദുആ ചെയ്യുന്നതിനു മുമ്പേ, നിങ്ങൾക്കും ഈദ്മുബാറക് പറയാൻ ഞാനാഗ്രഹിക്കുകയാണ്. നിങ്ങൾക്കെല്ലാവർക്കും ഈ ഈദ് അനുഗ്രഹമായിത്തീരട്ടെ. ലോകത്തിലുള്ള എല്ലാ അഹ്മദികൾക്കും ഈദുമുബാറക്. പാക്കിസ്ഥാനിലും ഇന്തോനേഷ്യയിലും ശ്രീലങ്കയിലും ബംഗ്ലാദേശിലും ഇന്ത്യയിലും ആഫ്രിക്കയിലും യൂറോപ്പിലും അമേരിക്കയിലും വസിക്കുന്ന എല്ലാ അഹ്മദികൾക്കും ഈദുമുബാറക്. അല്ലാഹുതആല എല്ലാ രീതിയിലും ഈ പെരുന്നാൾ നിങ്ങൾക്ക് അതിരറ്റ അനുഗ്രഹത്തിന് കാരണമാക്കിത്തീർക്കട്ടെ. ആമീൻ.

| | |
|---|---|
| Eid Khuthba<br>Hadhrat Mirza Masroor Ahmad<br>Khalifathul Masih V<br>on 20.12.2007 at Baithul Futuh, London. | *Translated by: Muhammad Ismail, Alleppey*<br>Mob: 94466 56123 Resi.: 0497 3294865<br>Page Layout & Typeset: BRB, Kannur<br>Published by:  Majlis Khuddamul Ahmadiyya, Kerala |